**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1254** **19-06-2024 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡ് (പി. യു.കെ.സി റോഡ്) വീതികൂട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ പാവങ്ങാട് ഉള്ളിയേരി കുറ്റ്യാടി - ചൊവ്വ റോഡിന്റെ പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള റോഡിനു വീതികൂട്ടി വികസിപ്പിക്കുന്നതിനായി 10.07.2017 തീയതിയിലെ G.O. (Rt) 942/2017/PWD പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിക്കുകയും 82.36 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാവുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ റവന്യൂ വിഭാഗം ആരംഭിച്ചിട്ടുണ്ട്. 6(1) notification പ്രസിദ്ധപ്പെടുത്തുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പുറക്കാട്ടിരി മുതൽ ഉള്ളേരി വരെ എൽ.എ വിഭാഗം സ്പെഷ്യൽ തഹസിൽദാറുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചതുമാണ്. തുടർനടപടികൾ എൽ.എ. വിഭാഗം സ്വീകരിച്ചുവരുന്നു.<br><br>ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള പദ്ധതിയുടെ DPR കിഫ്ബിയിലേക്ക് 07.05.2022 ൽ സമർപ്പിച്ചിരുന്നു. എന്നാൽ DPR പരിശോധന നടത്തി കിഫ്ബിയിൽ നിന്നും 11.07.2022 തീയതിയിൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) നൽകുകയുണ്ടായി. പേരാമ്പ്ര ബൈപാസ്സിന്റെ വിശദാംശങ്ങൾ ഡി.പി.ആറിൽ പരാമർശിച്ചിട്ടില്ലെന്നും ആയത് കൂടി ഉൾപ്പെടുത്തി DPR പരിഷ്കരിക്കണം എന്നും TAR-ൽ നിർദ്ദേശിക്കുകയുണ്ടായി. ഇതിൻ പ്രകാരം പേരാമ്പ്ര ബൈപാസ്സിന്റെ അലൈൻമെന്റ് പൊതുമരാമത്തു വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. DPR പുതുക്കുന്നതിനുള്ള അഡിഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഡിസൈൻ വിങ് മുഖേന പൂർത്തിയാക്കി ഡ്രാഫ്റ്റ് അലൈൻമെന്റ് നൽകിയത് feasibility പരിശോധിച്ച് റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ അലൈൻമെന്റ് നിർണ്ണയിക്കുമ്പോൾ പേരാമ്പ്ര ടൗൺ ഒഴിവാക്കി ബൈപാസ് റോഡ് വഴിയാക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിലെ പാവങ്ങാട് ഉള്ളിയേരി കുറ്റ്യാടി - ചൊവ്വ റോഡിന്റെ പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള റോഡിനു വീതികൂട്ടി വികസിപ്പിക്കുന്നതിനായി 10.07.2017 തീയതിയിലെ G.O. (Rt) 942/2017/PWD പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിക്കുകയും 82.36 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാവുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ റവന്യൂ വിഭാഗം ആരംഭിച്ചിട്ടുണ്ട്. 6(1) notification പ്രസിദ്ധപ്പെടുത്തുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പുറക്കാട്ടിരി മുതൽ ഉള്ളേരി വരെ എൽ.എ വിഭാഗം സ്പെഷ്യൽ തഹസിൽദാറുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചതുമാണ്. തുടർനടപടികൾ എൽ.എ. വിഭാഗം സ്വീകരിച്ചുവരുന്നു.<br><br>ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള പദ്ധതിയുടെ DPR കിഫ്ബിയിലേക്ക് 07.05.2022 ൽ സമർപ്പിച്ചിരുന്നു. എന്നാൽ DPR പരിശോധന നടത്തി കിഫ്ബിയിൽ നിന്നും 11.07.2022 തീയതിയിൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) നൽകുകയുണ്ടായി. പേരാമ്പ്ര ബൈപാസ്സിന്റെ വിശദാംശങ്ങൾ ഡി.പി.ആറിൽ പരാമർശിച്ചിട്ടില്ലെന്നും ആയത് കൂടി ഉൾപ്പെടുത്തി DPR പരിഷ്കരിക്കണം എന്നും TAR-ൽ നിർദ്ദേശിക്കുകയുണ്ടായി. ഇതിൻ പ്രകാരം പേരാമ്പ്ര ബൈപാസ്സിന്റെ അലൈൻമെന്റ് പൊതുമരാമത്തു വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. DPR പുതുക്കുന്നതിനുള്ള അഡിഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഡിസൈൻ വിങ് മുഖേന പൂർത്തിയാക്കി ഡ്രാഫ്റ്റ് അലൈൻമെന്റ് നൽകിയത് feasibility പരിശോധിച്ച് റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ